നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2055 07.03.2017 -ൽ മറുപടിക്ക്.

## നിത്യോപയോഗ സാധനങ്ങളുടെ വില

ചോദ്യം

**ശ്രീ.ആർ. രാജേഷ്**

മറുപടി

**ശ്രീ. പി. തിലോത്തമൻ**

**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) കേന്ദ്ര സർക്കാർ നിലവിൽ കുറവ് വരുത്തിയിട്ടുള്ള അരിയുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ; ഈ വർഷം റേഷൻ സമ്പ്രദായത്തിന്റെ ഭാഗമായി ലഭിച്ച അരിയുടെ അളവും വിലയും വിശദമാക്കുമോ; വെട്ടിക്കുറച്ച അരിയെ ത്രയെന്നും ഈ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

(എ) ഭക്ഷ്യ ഭദ്രത നിയമപ്രകാരം പ്രതിവർഷം സംസ്ഥാനത്തിന് 12.26 ലക്ഷം മെ.ടൺ അരിയാണ് ഇപ്പോൾ ലഭ്യമാകുന്നത്. ഇത് 2010 മുതൽ 2013 വരെയുള്ള കാലയളവിൽ ലഭ്യമായ 12.84 ലക്ഷം മെ.ടൺ അരിയിൽ നിന്നും **0.58 ലക്ഷം മെ.ടൺ** കുറവാണ്. 2016-17 സാമ്പത്തിക വർഷത്തിൽ റേഷൻ സമ്പ്രദായത്തിന്റെ ഭാഗമായി ലഭിച്ച അരി വിഹിതം **11.56** ലക്ഷം മെ.ടൺ ആണ്. ഭക്ഷ്യ ഭദ്രത നിയമം സംസ്ഥാനത്ത് നടപ്പിൽ വരുന്ന 2016 നവംബറിനു മുൻപ് എ.പി.എൽ. അരി കി.ഗ്രാമിന് 8.30 രൂപയും ബി.പി.എൽ. അരി കി.ഗ്രാമിന് 5.65 രൂപയും എ.എ.വൈ. അരി കി.ഗ്രാമിന് 3 രൂപയുമാണ് കേന്ദ്രത്തിൽ നിന്ന് ലഭിച്ചിരുന്നത്. ഭക്ഷ്യ ഭദ്രത നിയമപ്രകാരം എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗങ്ങൾക്ക് അരി കി.ഗ്രാമിന് 3 രൂപയും ടൈഡ് ഓവർ വിഹിതമായി ലഭിക്കുന്ന അരി കി.ഗ്രാമിന് 8.30 രൂപയും ലഭ്യമാകുന്നു. പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുവാനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കുവാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ബഹു. ഭക്ഷ്യ വകുപ്പമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും ഈ വിഷയത്തിൽ കേന്ദ്ര സർക്കാരുമായി നേരിട്ട് കൂടിക്കാഴ്ചകൾ നടത്തിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ